.....ദൈവത്തിനു സ്തോത്രം

E.V. P.

മലങ്കര സിറിയൻ ഓർത്തഡോക്സ് നോർത്ത് അമേരിക്കൻ ആർച്ച് ഡയോസിസിന്റെ 25-ാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി നടക്കുന്ന കുടുംബ സംഗമത്തിന്റെ ചിന്താവിഷയം 1 കോര: 15:57 - **നമ്മുടെ കർത്താവായ യേശു മിശിഹ മൂലം നമുക്ക് ജയം നൽകിയ ദൈവത്തിന് സ്തോത്രം**. ഈ വാചകം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ തിത്തുസ് തിരുമേനി ആലോചിച്ച് സ്വയം കണ്ടെത്തിയതാണല്ലോ. ഈ വചനം മാത്രമല്ല, മൊത്തം - സെന്റ് പോൾ ലേഖനങ്ങളുടെ പൊരുൾ തേടുന്നതാണിവിടെ ഉചിതമെന്ന് തോന്നുന്നു.

സെന്റ് പോളിന്റെ ലേഖനങ്ങൾ കേവലം വായിച്ച് കടന്നു പോകുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ല! കൃതിയിലൂടെ കടന്ന് പോകുമ്പോൾ കിട്ടുന്നത് - വാക്കുകളിലൊതുങ്ങുമോ ? ആധുനികതയുടെ കത്രിക കൊണ്ടി ബൈബിൾ വചനം മുറിച്ച് പരിശോധിക്കുവാൻ മെനക്കെടുകയല്ല പ്രതികരിക്കുകയാണ് വേണ്ടത് ! എന്തിലും ഏതിലും പ്രതികരിക്കുന്ന മനോഭാവത്തിന്റെ അടിമകളാണിന്ന് മനുഷ്യൻ. മനുഷ്യന്റെ പ്രക്രടന പത്രികയുടെ കാലം കഴിഞ്ഞു എന്ന ചിന്ത നമുക്ക് പങ്കുവെയ്ക്കുന്നതിനോടൊപ്പം, പൊരുൾ തേടി യാത്ര ചെയ്യേണ്ടതു ആവശ്യമാണ്.

ആദ്യനൂറ്റാണ്ടിന്റെ (AD) മദ്ധ്യത്തിലാണല്ലോ പൗലോസ് അപ്പോസ്തോലൻ തന്റെ ലേഖനങ്ങൾ എഴുതിയത്. ലേഖനമെഴുതുന്നതിന്റെ ഉദ്ദേശമെന്താണ് ? സ്ഥാപനം മാത്രമല്ല വളർച്ച കൂടി പരിഗണിക്കുന്നു. പഠിപ്പിച്ച പാതയിൽ സഞ്ചരിച്ചു വളരാൻ നൽകുന്ന വളം. അങ്ങനെ നല്ലഫലം കായ്ക്കുക. വിശദീകരണം മാത്രമല്ല - ശ്ലീഹ ഗഗനമായ അറിവുകൂടി പകരുകയാണ് സമൂഹത്തിനും സഭയ്ക്കും. ജീവിതം മനോഹരവും സംതൃപ്തവുമായ ഒരനുഭവമാക്കി മാറ്റാനാണല്ലോ മനുഷ്യൻ മതമന്വേഷിക്കുന്നത്. അന്വേഷണമായതുകൊണ്ട് കിട്ടുന്ന സന്തോഷവും സന്താപവും നമ്മുടെ ചിന്തയുമായി ബന്ധപ്പെട്ടുവരുന്നു. ഇപ്രകാരം മനുഷ്യൻ യോജിപ്പും വിയോജിപ്പും പങ്കുവെയ്ക്കുമ്പോൾ മൂല്യനിർണ്ണയം നടത്തുന്ന ഘടകം - അറിവാണ് (Knowledge). മത ചിന്തയുടെ മൂല്യനിർണ്ണയം സെന്റ് പോളിനെപോലെ കൃത്യമായി നിർണ്ണയിച്ച ഒരാൾ ബൈബിളിൽ വേറെയുണ്ടോ ? ഇതൊരു വലിയ ചോദ്യം തന്നെയാണ്. അജ്ഞതയും ഉത്കണ്ഠയും സമൂഹം പങ്കുവെച്ചപ്പോൾ ശ്രദ്ധിക്കുവാൻ നേതൃത്വത്തിന് ബാദ്ധ്യതയുണ്ടെന്നും, അറിവില്ലാത്തവനെ ഏവിടെയും വിഷ പാമ്പിനെപോലെ ഭയപ്പെടണമെന്നതും സെന്റ് പോളിന് ഒരു പൊതു തത്വമാണ്. തന്റെ ജീവിതത്തിൽ പഴയ ശൗലിന്റെ യഹൂദാനുഭവവും ഈ തത്വം തന്നെയായിരുന്നു.

ചെറിയ സംഘങ്ങളും, കൂട്ടായ്മകളുമായി വളരുകയായിരുന്നു അന്ന് കോരിന്ത്യസഭകൾ. ആരംഭമായതുകൊണ്ട് അഭിമുഖീകരിച്ചത് അനേകം പ്രശ്നങ്ങൾ. അകലത്തിരുന്ന് അപ്പോസ്തോലനെഴുതാൻ സാധിച്ചതിന് കാരണമുണ്ട്. താൻ കോരന്തിൽ ഒന്നരവർഷം താമസിക്കുകയും മൂന്ന് തവണ സന്ദർശിക്കുകയും ചെയ്തിരുന്നതാണല്ലോ. അതുകൊണ്ട് വിഷയങ്ങൾ തനിക്ക് പരിചിതം. ഒരു നിവേദന സംഘത്തിന്റെ അഭിപ്രായത്തോട് യോജിച്ചുതന്നെയാണ് താൻ ഈ രണ്ടു ലേഖനങ്ങളെഴുതിയതും.

ആ സമൂഹത്തിന്റെ പ്രശ്നങ്ങൾ എന്തായിരുന്നു? ഏറ്റവും പ്രധാനപ്പെട്ടത് വിഭാഗീയതയായിരുന്നു. അഭിപ്രായ ഐക്യം കണ്ടെത്താൻ പറ്റാതെ വരുമ്പോൾ അർത്ഥമില്ലാതെ വാദിക്കുക. ബോധമുള്ളവന് പ്രസംഗിക്കാൻ പറ്റിയതല്ലിത്, കാരണം വിഭാഗീയത സ്വാത്മപ്രേമസൃഷ്ടിയാണ്. വ്യക്തിയുടെ സ്വാധീനവും ആധികാരികതയും അരകെട്ടുറപ്പിക്കാൻ ശ്രമിക്കുന്ന സൈദ്ധാന്തിക മൂഢത്വം, ഇതിന്റെ ഇരകളായി മാറി അവർ. ഇന്നും ഇതിൽ നിന്നൊന്നും വലിയ വ്യത്യാസം സഭകളിൽ വന്നിട്ടുണ്ടോ എന്ന് ചിന്തിക്കുന്നത് ഉചിതമല്ലെ ?

മറ്റൊന്ന് ധാർമ്മികതയുടെ ശോഷണമായിരുന്നുവല്ലോ. ധർമ്മപാതയും ചിന്തയും അന്യമായി തീരുക. ദൈവാനുഭവം വ്യക്തിക്ക് പ്രദാനം ചെയ്യേണ്ട മതം - അധഃപതിക്കുന്നതാണ് പ്രശ്നം. ഈ സാഹചര്യത്തിൽ ആ സഭാസമൂഹം ഇന്നത്തെതുപോലെ നിമയപ്രശ്നങ്ങളിൽ വീഴുന്നു. അഴിക്കാൻ സാധിക്കാത്ത ഒരു കുരുക്കായി ഇത് മാറി. മനസ്സിന്റെ വേദനയിൽ ഖേദമുദിക്കുന്ന മാനസാന്തരനുഭവം അവർക്ക് അപരിചിതമായി.

പിന്നീട് എന്ത് സംഭവിച്ചു. പലരും വിഗ്രഹാരാധനയിലേക്ക് തിരിയുന്നു. ക്രൈസ്തവ ചിന്തകൾ അവർ ദുരുപയോഗം ചെയ്യാവുന്ന ഒരാചാരമാക്കി പ്രതിഷ്ഠിക്കാൻ തുനിയുകയാണ്. അന്തിമഭോജന സ്മരണ അവർ ദുരുപയോഗം ചെയ്തു തുടങ്ങി. ക്രിസ്തുവിന്റെ ഉയർപ്പു സംബന്ധമായി പോലും അവർക്ക് ദിശാബോധനഷ്ടം സംഭവിച്ചു. കപട അപ്പോസ്തോല സംഘങ്ങൾ രൂപം കൊണ്ടു. കുടുംബത്തിന്റെ അടിസ്ഥാനമായ വിവാഹബന്ധം ഭൗതിക തൃപ്തിയുടെ സുഖമന്വേഷിക്കുന്ന കേന്ദ്രങ്ങളായി മാറി. ബന്ധങ്ങളുടെ അർത്ഥതലങ്ങൾ മാറി പോകുന്നു. മനുഷ്യൻ മനുഷ്യനെ തന്നെയന്വേഷിക്കുന്നു. അവരുടെ നേതൃത്വങ്ങൾ ഉത്തര പുരുഷ ഏകവചനമാകണമെന്ന് ശാഠ്യം പിടിക്കുന്നു. ബഹുവചനങ്ങളുടെ കൂട്ടനിലവിളി ശ്രദ്ധിക്കാതെ നില്ക്കുന്നു. നേതൃത്വത്തിന്റെ നിർബന്ധബുദ്ധിയുടെ നിലപാടുകൾ പ്രശ്നങ്ങൾ വഷളാക്കുന്നു. സെന്റ് പോൾ എന്ന ലോകം കണ്ട ഏറ്റവും വലിയ സുവിശേഷകൻ കോരന്ത്യ ലേഖനമെഴുതുന്നതിന്റെ ഗ്രൗണ്ടിതാണ്.

ക്രിസ്തുദർശന ശേഷം പുതിയ ശൗൽ ഒരിക്കലും കേൾക്കുവാൻ ആഗ്രഹിക്കാത്ത ഒരു വാചകമുണ്ട്. "നീ പീഡിപ്പിക്കുന്ന ക്രിസ്തുവാണ് ഞാൻ". അതുകൊണ്ട് സ്വയം വെടിപ്പായി മഹത്വമുദ്ര നെഞ്ചിലേറ്റി ചരിത്രത്തിൽ നിന്നവനാണ് പുതിയ ശൗൽ. "വിശ്വാസത്തിനുവേണ്ടിയാണ് യുദ്ധമെങ്കിൽ യുദ്ധം തന്നെ" എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അടിസ്ഥാനമില്ലാതെ വെറുപ്പ് വെച്ച് പുലർത്തി - അതൊരു രോഗമായി മനസ്സിനെ ബാധിച്ച് അധഃപതിക്കുന്ന സഭയ്ക്കാണ് കോരന്ത്യ ലേഖനമെഴുതിയത്. കുരിശു ചരിത്രത്തിന്റെ ആവർത്തനമെന്ന ചിന്തയാണ് ശ്ലീഹായെ നയിക്കുന്നത്. ശിക്ഷാഭയം കൂടാതെ മനുഷ്യന് സമീപിക്കാവുന്ന ദൈവപുത്രനായ ക്രിസ്തുവിനെയാണ് ശ്ലീഹ സഭകൾക്ക് നൽകിയത്. ഇത് ക്രിസ്തുവിനെക്കുറിച്ചുള്ള തന്റെ വിളമ്പരമായിരുന്നു. ക്രിസ്തുവിനുവേണ്ടി നിന്ദ ഏറ്റുവാങ്ങുമ്പോൾ സ്വർഗ്ഗീയ പൗരോഹിത്യം ലഭ്യമാകുന്നു എന്നതാണ് ശ്ലീഹാതത്വം. മത ഉൽപന്നങ്ങളുടെ കാര്യത്തിൽ വ്യക്തിയുടെ വികാരഭരിത താല്പര്യം വിമർശിക്കപ്പെടുന്നത് പാപമല്ലെന്നും, യഹൂദമതചിന്തജരാനര ബാധിച്ചതാണെന്നും, ക്രിസ്തു ദർശന ജീവിതമാണ് അതിന്റെ നിത്യഹരിതമെന്നും ശ്ലീഹ ഉറപ്പിച്ച് പ്രഖ്യാപിക്കുന്നു. താൻ തിരിച്ചറിഞ്ഞ വിശ്വാസം - തന്റെ നീതികരണം. അതിനാൽ ദൈവകൃപയിലൂടെ ഭൂമിയിൽ വെച്ചു തന്നെ സ്വർഗ്ഗീയ പൗരോഹിത്യം തനിക്ക് ലഭ്യമാക്കിയിരിക്കുന്നത് തന്റെ അഭിമാനം. എല്ലാമഹൽ കർമ്മങ്ങളും വേദനായാൽ നിർണ്ണിതമാണെന്നും മഹത്തായ ഒരു ദർശനത്തിനുവേണ്ടി, ദീപ്തിമത്തായ ലക്ഷ്യപ്രാപ്തിക്കുവേണ്ടി മനുഷ്യജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും ശ്ലീഹ കണ്ടെത്തി. ഒരു സമൂഹത്തിന്റെ നിരാശയും ക്ഷോഭവും പ്രക്ഷേപണം ചെയ്യുമ്പോൾ, നാം നമ്മുടെ മനോഭാവവുമായി സത്യസന്ധത പുലർത്തണമെന്ന മഹത് തത്വം ക്രൈസ്തവ ലോകത്തിന് ശ്ലീഹ പറഞ്ഞു കൊടുത്തു. ഏക്കാലവും ആശ്രയമാക്കാവുന്നവിധത്തിലാണ് ശ്ലീഹ തന്റെ ഭാഷയെ രൂപപ്പെടുത്തിയതും.

കിഴക്കിന്റെയും പടിഞ്ഞാറിന്റെയും സംഗമസ്ഥാനത്ത് അത് 400 ആയിരം ജനസംഖ്യയുണ്ടായിരുന്ന റോമൻ സമ്രാജ്യത്തിലെ വലുതും ധനികവും പ്രധാനപ്പെട്ടതുമായ കോരന്തിൽ താൻ വിതച്ച വിത്താണ് അവിടുത്തെ സഭ. ഒന്നാം ലേഖനതത്വങ്ങളെ ഉറപ്പിക്കുക പുതിയ വിഷയങ്ങൾക്ക് ഉത്തരം കൂട്ടിചേർക്കുക - അതാണ് രണ്ടാം ലേഖനം. ആദ്യത്തേത് നല്ലഫലം കായ്ച്ചു. രണ്ടാമത്തേതെ അതിനെ ബലപ്പെടുത്തി.

പക്ഷവാദങ്ങളും പകവീട്ടലുകളും ആപൽക്കരമെന്ന് 19 നൂറ്റാണ്ടിന് മുമ്പ് തന്നെ ശ്ലീഹ സഭകളെ ബോദ്ധ്യപ്പെടുത്തി. അടിച്ചേൽപ്പിക്കുന്ന ചട്ടങ്ങളിൽ നിന്ന് നേതൃത്വം പിന്മാറണമെന്നും, സമൂഹത്തിൽ നിന്ന് മാറി നിന്ന് ചിന്തിക്കുമ്പോൾ വ്യക്തിപര ആധികാരികത വന്നു ചേരുമെന്ന് ക്രൈസ്തവ ലോകത്തെ വിളിച്ചറിയിച്ചത് പുതിയ ശൗലാണ്. മാത്രമല്ല മനുഷ്യന് ആകുലതയിൽ നിന്നുള്ള മോചനമാണ് ക്രിസ്തുവിനെപോലെ തന്നെ സഭകൾ പ്രഖ്യാപിക്കേണ്ടത്. കരഞ്ഞുകൊണ്ട് ജനിക്കുകയും ആവലാതിപ്പെട്ട് ജീവിക്കുകയും, അസന്തുഷ്ഠനായി മരണം തേടുകയും ചെയ്യുന്ന മനുഷ്യനെ - പരമസന്തോഷത്തെടെ പറുദീസയിലേക്ക് കൊണ്ടുപോകുവാൻ ക്രിസ്തുവിനേ കഴിയു. ഇതിനുള്ള ദൈവ പദ്ധതി കാൽവരിയിലെ ക്രൂശിത രൂപം, കുരിശുമരണം. വഞ്ചകന്റെ കൈതണ്ടയിൽ ശയിക്കുന്നതിനേക്കാൾ ഉത്തമം - തിരിച്ചറിഞ്ഞ സത്യത്തിനുവേണ്ടി കുരിശിൽ തറക്കപ്പെടുന്നതാണ്. ശ്ലീഹ പങ്കുവെച്ച ഏറ്റവും വലിയ തത്വവുമിതാണ്. ഇങ്ങനെ മതചരിത്രത്തിൽ ചോലമരങ്ങളില്ലാത്ത

നവലോകത്തിന്റെ ആവിഷ്കാരം. ഇവിടെ കാലം ശ്ലീഹാ യുടെ മുന്നിൽ തല കുനിച്ചുനിന്നു. മനുഷ്യന്റെ ആത്മീയ ബോധത്തെ സംരക്ഷിക്കുന്നതാകണം സഭ. ഇതു നിദ്രയിലും വ്യക്തിയെ ഓർമ്മിപ്പിക്കുന്ന - ഒരു മാസ്മരശക്തി സഭയ്ക്ക് വേണം. മാറി മറഞ്ഞു വരുന്ന ലോകവ്യവസ്ഥിതിയിൽ ക്രിസ്ത്യാനി തിരയേണ്ടത് സത്തയെയാണ്. ഇതളക്കാനുള്ള ഉപകരണമാണി ശ്ലീഹ ലേഖനങ്ങൾ. താൻ കൂടുതൽ ചുഴിഞ്ഞ് നോക്കിയത് യൂദായിസത്തിലേക്കാണല്ലോ. ഒരുവിധത്തിൽ സെന്റ് സ്റ്റീഫനിൽ നിന്നാണ് പുതിയ ശൗലിന്റെ ആരംഭം. സ്തേപ്പാനോസിനെ ഏറിഞ്ഞ കല്ലുകൾ, പുതിയ ശൗൽ യഹൂദനു നേരേ തിരിച്ചെറിഞ്ഞു. യഥാർത്ഥ്യങ്ങളിലൂടെയാണ് ശ്ലീഹ പുതിയ ജീവിതം മുഴുവൻ സഞ്ചരിച്ചു തീർത്തത്.

ലോകം മനുഷ്യനെ വശീകരിക്കുന്നത് കബളിപ്പിക്കുന്നതിനുവേണ്ടിയാണ്. മനുഷ്യൻ ഈ ലോകത്തിന്റെ പ്രഭുവിന്റെ കൂടെയാണ്. വേദമറിഞ്ഞതുകൊണ്ട് വേദനയുടെ നിവാരണമാകില്ലന്ന് യഹൂദനോട് പുതിയ പരീശൻ പറയുന്നു. കാലവാതമടിക്കുമ്പോൾ രൂപം നഷ്ടപ്പെടുന്ന ഒരു ദർശനമല്ല, ത്യാഗത്തിലൂടെ സ്നേഹം പങ്കുവെയ്ക്കുന്ന ക്രിസ്തുവിനെയാണ് ശ്ലീഹ വരച്ചത്. അതുകൊണ്ട് ശ്ലീഹ, ദൈവ സാദൃശ്യമുള്ള മനുഷ്യനെയാണ് അന്വേഷിച്ചതും കണ്ടെത്തിയും. ഒരുവിധത്തിൽ മോചിത മനസ്സിന്റെ ഐക്യദാർഢ്യപ്രഖ്യാപനമാണ് സെന്റ് പോളിന്റെ ലേഖനങ്ങൾ.

ഇവിടെ പുറജാതികളും സ്വന്തക്കാരും (യഹൂദൻ) ഒരുപോലെ ശ്ലീഹായെ ആക്രമിച്ചു. സ്നേഹിതരുണ്ടെങ്കിലും വേദന നിറഞ്ഞ ഒറ്റയാൾ പോരാട്ടമാണ് ഇവിടെ താൻ നടത്തിയതും. സത്യത്തിനുവേണ്ടി മാത്രം പിടിവാശികാട്ടിയ കേവല വ്യക്തിയല്ല, പ്രതിഭയാണ് ശ്ലീഹ. സത്യപ്രഖ്യാപനമായിരുന്നു ശ്ലീഹായുടെ പുതുജീവിതം തന്നെ. വാദിക്കുവാൻ യഹൂദൻ ഹാജരാക്കിയ വാങ്മൂലം വിധിന്യായമല്ലന്ന് ശ്ലീഹ സമൂഹത്തെ ബോദ്ധ്യപ്പെടുത്തി. എല്ലാം തങ്ങൾ എഴുതുന്ന കൈപ്പടയിൽ വേണമെന്ന് വാശിപിടിച്ച നേതൃത്വം ഭാവിക്കു പരാജയമാണെന്ന് പറഞ്ഞുവെച്ചത് പൗലോ ശ്ലീഹയാണ്. എവിടെ വേണമെങ്കിലും പക്ഷം പിടിക്കാം. എന്നാൽ എവിടെ നങ്കൂരമിടണം - ഇതാണ് ശ്ലീഹ ബോദ്ധ്യപെടുത്തി തരുന്നത്. ചിതറിയ യഹൂദന്റെ നവജനനമാണ് പോൾ എന്ന തന്റെ റോമൻ നാമമെന്ന് യഹൂദന്റെ, ലോകത്തിന്റെ മുഖത്തുനോക്കി പുതിയ ശൗൽ പറഞ്ഞു. ഇപ്രകാരം, മനുഷ്യന്റെ മനസ്സാക്ഷിയോടു സംസാരിച്ച അപ്പോസ്തോലനാണ് പൗലോസ് ശ്ലീഹ.

ക്രിസ്തു സംബന്ധമായി "പോളിയൻ" നിർവ്വചനങ്ങൾ അതുല്യമാണ്. അബോധവികാരതലങ്ങളിൽ വിപരീതസ്വഭാവമുള്ള അന്തർധാരകൾ ഉണ്ടെന്നും കണ്ടെത്തി, അതു കിളച്ചെടുക്കുവാൻ മനുഷ്യന് കഴിയണം ശ്ലീഹായുടെ വാദമിതാണ്. ആവിധത്തിൽ സത്യത്തെ ആത്മാവിലേക്ക് ആവഹിച്ച് ജീവിക്കുവാൻ കഴിയണം. വഴിയും സത്യവും ജീവനും - ഞാൻ തന്നെ എന്ന് ക്രിസ്തു അരുളി ചെയ്തതും അതുകൊണ്ട് തന്നെ. മനുഷ്യനിലൂടെ ദൈവം ആവിഷ്ക്കരിക്കുന്നത് ദൈവത്തിന്റെ ആഗ്രഹമാണ്. ദൈവത്തിന്റെ ആഗ്രഹപൂർത്തീകരണമാണ് മനുഷ്യസൃഷ്ടി (Romns 8:29) ഇതാണല്ലോ മനുഷ്യസൃഷ്ടിയുടെ ദൈവസാദൃശ്യരഹസ്യം (ഉല്പത്തി: 1:26)

മറ്റൊരുവിധത്തിൽ സെന്റ് പോളിന് മനുഷ്യൻ ദൈവത്തെ ഉൾകൊള്ളുന്ന മൂന്ന് ഭാഗമുള്ള ഒരു വെസ്സൽ (Body, Soul, Spirit) ഉൾകൊള്ളുന്ന ഘടകം (Content) പ്രകടിപ്പിക്കപ്പെടണം. Body - ഭൗതികതലം; Soul - മാനസികതലം, Spirit - ആത്മീയതലം ഇവിടെ മനുഷ്യമനസ്സിൽ രൂപപ്പെടുന്നു. ചിന്തയിലൂടെ വളരുന്ന മനുഷ്യൻ, ആത്മീയതലത്തിലെത്തുന്നതിന് മുമ്പേ വീണുപോകുന്നു. ഇതിന് കാരണം പാപം. ഈ പാപവീഴ്ച മനുഷ്യനെ ദൈവത്തിന്റെ ശത്രുവാക്കുന്നു. ഇപ്രകാരം പരാജയം, വൈരാഗ്യം വർദ്ധിപ്പിക്കുന്ന സമൂഹത്തിന്റെ ആത്മാവിനെ മോചിപ്പിക്കുന്നില്ല. ഈ ഉൾകാഴ്ചയാണ് സെന്റ് പോൾ തേടിയതും നേടിയതും. അതുകൊണ്ട് ഒരു സഭാവിഭാഗത്തിന്റെ അംഗരക്ഷകനല്ല ശ്ലീഹ, ക്രൈസ്തവലോകത്തിന്റെ മൊത്തം മാർഗ്ഗദർശകനാണ്. ഇവിടെ ആധുനികലോകം ശ്ലീഹതേകി തിരിച്ചുവിട്ട നിർച്ചാലിലൂടെ സഞ്ചരിക്കുന്നത്. നാഴിയും ഉരിയും കൊണ്ട്, യുദാസിയത്തെയും, പ്രാകൃതമത ചിന്തധാരയേയും, ഗമാലിയേലിന്റെ പഴയ ശിഷ്യൻ അളക്കുക മാത്രമല്ല, കാതലില്ലാത്തതിന്റെ കടയ്ക്കൽ കോലാടി വെയ്ക്കുക തന്നെ ചെയ്തു.

പൊളിച്ചെഴുത്ത് കാലഘട്ടത്തിന്റെ ആലംഘനീയ നിയമമാണ്. അത് ഉൾകൊള്ളാൻ മനുഷ്യന് കഴിയണം. അതിനു വേണ്ടിയാണ് യഹൂദ നുകയറിനെ ക്രിസ്തു പൊട്ടിച്ചത്. അത് ഒരു വ്യവസ്ഥിതിക്കെതിരായ കലാപ ശബ്ദമല്ല. മനുഷ്യന്റെ ആത്മവിമോചനത്തിന്റെ ഗർജനമാണ്. ഇതാണ് സെന്റ് പോളിന്റെ സിംഹഗർജനം. തന്റെ എഴുത്തുഭാഷ കൊണ്ട് പ്രപഞ്ചത്തെ പ്രകടിപ്പിക്കുകയോ രേഖപ്പെടുത്തുകയോ അല്ല രൂപപ്പെടുത്തുകയാണ് ശ്ലീഹ ചെയ്തത്. തന്റെ തുറന്ന ജീവിതത്തിൽ നവ ശൗൽ സഭാമാക്കളുടെ ഹൃദയകയങ്ങളെയാണ് കണ്ടെത്തിയത്.

ആർക്കും തിരുത്താവുന്ന ഒരു നോട്ടുബുക്കല്ല ശ്ലീഹായുടെ ലേഖനങ്ങൾ. ഇന്ന് ആധുനിക സുവിശേഷമെന്ന ഒന്നുണ്ടെങ്കിൽ അതിന്റെ ഉളിപ്പെട്ടിയാണ് തന്റെ എഴുത്തുകൾ. പിച്ചകൊടുത്ത് പിരിവുകാരെ പ്രചോദിപ്പിക്കുന്നതല്ല നേതൃത്വം, മനുഷ്യനെ പാപത്തിന്റെ ചങ്ങലകെട്ടിൽ നിന്ന് മോചിപ്പിക്കുവാൻ സഹായിക്കുന്നതാണ്, ഇതാണ് സുവിശേഷവിപ്ലവം. തിളച്ചുമറിഞ്ഞ് പുറത്തേക്കൊഴുകുന്ന സമൂഹത്തിന്റെ അനുഭവങ്ങളെ അളക്കാനും പഠിക്കാനും നേതൃത്വത്തിന് കഴിയണം. എല്ലാറ്റിനും ജ്ഞാനസ്നാനം നൽകുന്ന സ്നാപകയോഹന്നാൻമാർ ഉണ്ടായിട്ട് കാര്യമില്ല. കുരിശു ചുമക്കാൻ ആളുവേണം. അത് ക്രിസ്തു മാത്രമാണ്. അത്താണി കണ്ടെത്തിയ മനുഷ്യന്റെ ആഹ്ലാദം മാത്രമല്ല ക്രിസ്തു, മനുഷ്യന് ആശ്വാസമാണവൻ. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമേ നിങ്ങൾ എന്റെ അടുക്കൽ വരിക. ഞാൻ ആശ്വാസം തരാം. ആർക്കും വാപൊളിച്ചു സ്വീകരിക്കാവുന്നതല്ലീ ക്രിസ്തു ശരീരവും രക്തവും. വിവേകമുദിക്കുന്ന ഹൃദയവിശുദ്ധിയിൽ ദൈവത്തെ കാണാൻ കഴിയണം. ഇവിടെയാണ് അവനെ രുചിച്ചുനോക്കി നല്ലവനെന്ന് തിരിച്ചറിയുന്നത്, ആടുകൾക്ക് വേണ്ടി ജീവൻ കൊടുക്കുന്ന നല്ല ഇടയൻ. ഇതൊരു വ്യത്യസ്ത തത്വം. ഈ അനുഭവത്തിൽ കിട്ടുന്ന ഉപ്പുരസം, ലഭ്യ സന്തോഷം, വിജയം, ഇത് നമ്മുടെ കർത്താവായ യേശുമശിഹാമൂലം നമുക്ക് കിട്ടിയതാണ്. അതുകൊണ്ട് പിതാവായ ദൈവത്തിന് സ്തോത്രം.

EV P Deepamonline.com

ദീപം ബൈബിൾ പഠന
CDകൾക്കു വിളിക്കുക
USA (610 803 1800)

സിറിയൻ ഓർത്തഡോക്സ് അമേരിക്കൻ ഭദ്രാസനത്തിന്റെ
25 – ാം വർഷ ആഘോഷത്തിനും
പ്രവർത്തനങ്ങൾക്കും –
ദീപം ഓൺലൈൻ ഡോട്ട് കോമിന്റെ ആത്മാർത്ഥ ആശംസകൾ